ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.01.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) കേന്ദ്രസർക്കാരിന്റെ സുസ്ഥിര നിക്ഷേപ പ്രോത്സാഹനം - രാജ്യത്തെ മൊത്ത ആഭ്യന്തര ഉൽപ്പാദന വളർച്ചയെ മെച്ചപ്പെടുത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

   Prime Minister Narendra Modi has said that the Union government's sustainable investment promotion has improved the country's GDP growth.

2. സോമനാഥ് ക്ഷേത്രത്തിൽ ആക്രമണം നടന്ന് ആയിരം വർഷം തികയുന്ന പശ്ചാത്തലത്തിൽ ഇന്ന് മുതൽ ആരംഭിച്ച 'സോമനാഥ് സ്വാഭിമാൻ പർവ്'- പരിപാടിക്ക് ആശംസകൾ നേർന്ന് പ്രധാനമന്ത്രി .

   PM Narendra Modi extends greetings to nation on commencement of Somnath Swabhiman Parv.

3. ഇന്ത്യയുടെ ഭാവി സുരക്ഷിതവും സമൃദ്ധവുമാക്കാൻ യുവജനങ്ങളെ പ്രാപ്തരാക്കാനുള്ള വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ്-2026 ന് നാളെ ന്യൂഡൽഹിയിൽ തുടക്കം.

   Viksit Bharat Young Leaders Dialogue-2026 to be held at Bharat Mandapam, New Delhi tomorrow.

4. പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ അന്തരിച്ചു. വിട വാങ്ങിയത് പശ്ചിമഘട്ടത്തിൻറെ സംരക്ഷണത്തിനായി പ്രവർത്തിച്ച വ്യക്തിത്വം.

   Famous environmental scientist Madhav Gadgil passed away.

5. കേരളത്തിലെ വിവിധ സ്റ്റേഷനുകളിൽ ട്രെയിനുകൾക്ക് കൂടുതൽ സ്റ്റോപ്പ് അനുവദിച്ച് ഇന്ത്യൻ റെയിൽവെ.

Indian Railway allows more stops for trains at various stations in Kerala.

6. റഷ്യൻ എണ്ണ വാങ്ങുന്ന രാജ്യങ്ങളെ ലക്ഷ്യം വച്ചുള്ള ഉപരോധ ബില്ലിന് അംഗീകാരം നൽകി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് .

President Donald Trump has approved a bipartisan Russia sanctions bill that would give the White House broader authority to target countries buying Russian oil.

*****************

## GDP-GROWTH

രാജ്യത്തെ മൊത്ത ആഭ്യന്തര ഉൽപ്പാദനം 7.4 ശതമാനം വളർച്ച കൈവരിക്കുമെന്ന് റിപ്പോർട്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 6.5 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരുന്നത്. സേവന മേഖലയിലുണ്ടായ വളർച്ചയാണ് പ്രധാന ഘടകമായി വർത്തിച്ചതെന്നാണ് സ്ഥിതിവിവരക്കണക്ക് നിർവ്വഹണ മന്ത്രാലയത്തിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കേന്ദ്രസർക്കാരിന്റെ സുസ്ഥിരമായ നിക്ഷേപ പ്രോത്സാഹനവും ആവശ്യകതയെ അടിസ്ഥാനമാക്കിയുള്ള നയങ്ങളുമാണ് വളർച്ചാ പ്രതീക്ഷയെ നയിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു.

*****************

## SOMNATH SWABHIMAN PARV

സോമനാഥ് ക്ഷേത്രത്തിൽ ആക്രമണം നടന്നിട്ട് 2026 ൽ ആയിരം വർഷം തികയുന്ന പശ്ചാത്തലത്തിൽ ഇന്ന് മുതൽ ആരംഭിച്ച 'സോമനാഥ് സ്വാഭിമാൻ പർവ്'- പരിപാടിക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു.- ഞായറാഴ്ച ഗുജറാത്തിലെ സോമനാഥ് ക്ഷേത്രം

സന്ദർശിക്കുന്ന പ്രധാനമന്ത്രി സ്വാഭിമാൻ പർവിൽ പങ്കെടുക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന ആത്മീയ, സാംസ്കാരിക, സാമൂഹിക പ്രവർത്തനങ്ങൾ പർവിൻറെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. സോമനാഥിനെ കുറിച്ചുള്ള സ്മരണകൾ SomnathSwabhimanParv എന്ന ഹാഷ്ടാഗിൽ പങ്കു വയ്ക്കാൻ ശ്രീ മോദി ജനങ്ങളോട് ആഹ്വാനം ചെയ്തു.

*****************

## VIKSIT BHARAT DIALOGUE

വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ്-2026 ന് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമാകും. ഇന്ത്യയുടെ ഭാവി സുരക്ഷിതവും സമൃദ്ധവുമാക്കൻ യുവജനങ്ങളെ പ്രാപ്തരാക്കുകയാണ് പരിപാടിയുടെ ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ ഒരു സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു. നാല് ദിവസത്തെ പരിപാടിയിൽ, രാജ്യത്തുടനീളമുള്ള യുവജന പ്രതിനിധികൾ വികസിത ഭാരതത്തെക്കുറിച്ചുള്ള ആശയങ്ങൾ അവതരിപ്പിക്കും. രാഷ്ട്രീയ പശ്ചാത്തലമില്ലാത്ത ഒരു ലക്ഷം യുവാക്കളെ പൊതുസമൂഹത്തിന്റെ മുൻനിരയിൽ എത്തിക്കണമെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനത്തിൻറെ പശ്ചാത്തലത്തിലാണ് കഴിഞ്ഞ വർഷം വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് ആരംഭിച്ചതെന്നും ശ്രീ. മാണ്ഡവ്യ പറഞ്ഞു.

*****************

## Madav Gadgil(INTRO)

പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ പൂനെയിൽ അന്തരിച്ചു. 83 വയസായിരുന്നു. സംസ്കാരം ഇന്ന് വൈകിട്ട് പൂനയിലെ വൈകുണ്ഠ ശ്മശാനത്തിൽ നടക്കും . പശ്ചിമഘട്ടത്തിലെ പരിസ്ഥിതിയെക്കുറിച്ച് പഠിക്കാൻ കേന്ദ്ര സർക്കാർ നിയോഗിച്ച പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതിയുടെ അധ്യക്ഷനായിരുന്നു അദ്ദേഹം. ഭൂമിയെ സംരക്ഷിക്കുക എന്നത് ഒരു തിരഞ്ഞെടുപ്പല്ല, ഒരു ഉത്തരവാദിത്തമാണെന്നും, മനുഷ്യരും പ്രകൃതിയും

ഐക്യത്തോടെ ജീവിക്കണമെന്നുമുള്ള പാഠം രാജ്യത്തിന് പകർന്ന് നൽകിയ വ്യക്തിയായിരുന്നു അദ്ദേഹം .
ഒരു റിപ്പോർട്ട്.....
(വോയിസ്....)

*ജൈവവൈവിധ്യ സംരക്ഷണത്തിലും സുസ്ഥിര വികസനത്തിലും മാധവ് ഗാഡ്ഗിൽ നടത്തിയ പ്രവർത്തനങ്ങൾ ഇന്ത്യയുടെ പരിസ്ഥിതി നയങ്ങൾ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിച്ചു. 2011ലാണ് പശ്ചിമഘട്ടത്തിലെ പരിസ്ഥിയെ കുറിച്ചുള്ള ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത്. പശ്ചിമഘട്ട വിസ്തൃതിയുടെ മുക്കാൽ ഭാഗവും പരിസ്ഥിതി ലോലമായി പ്രഖ്യാപിക്കണമെന്ന റിപ്പോർട്ട് കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ ഏറെ ചർച്ചകൾക്കും വിവാദങ്ങൾക്കും വഴി തെളിച്ചു. 2018ലെ പ്രളയം, 2024ൽ വയനാട്ടിലുണ്ടായ ഉരുൾപൊട്ടൽ എന്നീ സമയങ്ങളിൽ ഗാഡ്ഗിലിന്റെ വാക്കുകളുടെ പ്രസക്തി വീണ്ടും ചർച്ചയായി. 1942 ൽ പൂനെയിൽ ജനിച്ച അദ്ദേഹം കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ഹാർവാഡ് സർവ്വകലാശാലയിൽ നിന്ന് പിഎച്ച്ഡി നേടി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ 30 വർഷത്തോളം ജോലി ചെയ്തിട്ടുണ്ട്. പരിസ്ഥിതി മേഖലയിലെ പ്രവർത്തനങ്ങൾക്ക് യുഎൻ നൽകുന്ന പരമോന്നത ബഹുമതിയായ 'ചാംപ്യൻസ് ഓഫ് ദി എർത്ത്" പുരസ്കാരം 2024ൽ ഗാഡ്ഗിലിനെ തേടിയെത്തി. പത്മശ്രീ, പത്മഭൂഷൺ ബഹുമതികൾ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു.*
*ന്യൂസ്ഡെസ്ക് ആകാശവാണി......*

*****************

## GADGIL condolence

മാധവ് ഗാഡ്ഗിലിൻറെ നിര്യാണത്തിൽ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി എ കെ ശശീന്ദ്രൻ, വയനാട് എംപി പ്രിയങ്കാ

ഗാന്ധി, അഹമ്മദ് ദേവർകോവിൽ എംഎൽഎ ഉൾപ്പെടെയുള്ളവർ അനുശോചനം രേഖപ്പെടുത്തി.

*****************

## JAISHANKAR – FRANCE

ആഗോള രാഷ്ട്രീയത്തിൽ സ്ഥിരത കൈവരിക്കാൻ ഇന്ത്യയും ഫ്രാൻസും ഒന്നിച്ച് പ്രവർത്തിക്കണമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. പാരീസിൽ ഫ്രഞ്ച് വിദേശകാര്യ മന്ത്രി ജീൻ-നോയൽ ബാരറ്റുമായുള്ള കൂടിക്കാഴ്ചയിലാണ് പരാമർശം. പരസ്പര സഹകരണം ശക്തിപ്പെടുത്തുന്നതിന് ചർച്ചകൾ അനിവാര്യമാണെന്നും ശ്രീ ജയശങ്കർ വ്യക്തമാക്കി.

*****************

## SIR

SIR-ൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

*****************

## CENSUS 2027(INTRO)

2027 ലെ സെൻസസിന്റെ ആദ്യ ഘട്ടത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ച് കേന്ദ്രസർക്കാർ. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഈ വർഷം ഏപ്രിൽ 1 നും സെപ്റ്റംബർ 30 നും ഇടയിൽ സർവേ നടത്തുമെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

വിശദാംശങ്ങളിലേക്ക്....

*(വോയിസ്.....)*

*രണ്ട് ഘട്ടങ്ങളിലായി നടത്തുന്ന സെൻസസ് നടപടിക്രമങ്ങളിൽ ഏകദേശം 30 ലക്ഷം ഉദ്യോഗസ്ഥർ ഭാഗമാകും. 30 ദിവസത്തെ കാലയളവിൽ വീടുതോറുമുള്ള സർവേ നടത്താനാണ് തീരുമാനം. ഭവന സെൻസസ് ഉൾപ്പെടുന്ന ആദ്യ ഘട്ടം 2026 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ നടക്കും. രണ്ടാം ഘട്ടമായ ജനസംഖ്യാ കണക്കെടുപ്പ് 2027 ഫെബ്രുവരിയിലായിരിക്കും നടക്കുക.*

*രാജ്യത്തെ ആദ്യ പൂർണ്ണ ഡിജിറ്റൽ സെൻസസ് ആയിരിക്കും ഇത്.*
*ആൻഡ്രോയിഡ്, iOS പ്ലാറ്റ്ഫോമുകളിൽ ലഭ്യമായ മൊബൈൽ ആപ്ലിക്കേഷനുകൾ വഴിയായിരിക്കും വിവരശേഖരണം. വീടുതോറുമുള്ള സർവേ ആരംഭിക്കുന്നതിന് 15 ദിവസം മുമ്പ് പൗരന്മാർക്ക് സ്വന്തം വിവരങ്ങൾ പൂരിപ്പിച്ചു നൽകാമെന്നും വിജ്ഞാപനത്തിൽ പറയുന്നു. ഇതിനുള്ള സമയം സംസ്ഥാനത്തിനോ കേന്ദ്രഭരണ പ്രദേശത്തിനോ തീരുമാനിക്കാവുന്നതാണ്.*
*ന്യൂസ്ഡെസ്ക് ആകാശവാണി.....*

*****************

## TRAIN-EXTRA STOP

കേരളത്തിലെ വിവിധ സ്റ്റേഷനുകളിൽ ട്രെയിനുകൾക്ക് കൂടുതൽ സ്റ്റോപ്പ് അനുവദിച്ച് റെയിൽവെ. യാത്രക്കാരുടെ സൗകര്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായിയാണ് നടപടി. ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേറിന് അയച്ച കത്തിൽ കേന്ദ്ര റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചതാണ് ഇക്കാര്യം. 15 സ്റ്റോപുകളാണ് അനുവദിച്ചത്. ഗുരുവായൂർ എക്സ്പ്രസ്, പാലരുവി എക്സ്പ്രസ് ഉൾപ്പെടെയുള്ളവ ഇതിൽ ഉൾപ്പെടുന്നു.

*****************

## US - RUSSIA SANCTIONS BILL

റഷ്യൻ എണ്ണ വാങ്ങുന്ന രാജ്യങ്ങളെ ലക്ഷ്യം വച്ചുള്ള ദ്വികക്ഷി റഷ്യ ഉപരോധ ബില്ലിന് യു. എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് അംഗീകാരം നൽകി. യുക്രെയ്നിനെതിരായ റഷ്യൻ ആക്രമണത്തിന് ധനസഹായം ലഭ്യമാക്കാൻ സഹായകരമായ റഷ്യൻ എണ്ണ വിപണനം നിർത്തലാക്കാൻ ചൈന, ഇന്ത്യ, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യമെന്ന് യുഎസ് സെനറ്റർ ലിൻഡ്സെ ഗ്രഹാം പറഞ്ഞു. അടുത്ത ആഴ്ച തന്നെ നിയമനിർമ്മാണം സംബന്ധിച്ച വോട്ടെടുപ്പ് നടത്താനാണ് തീരുമാനം.

*****************

## PRAGATI

രാജ്യത്ത് സമയബന്ധിതമായ പദ്ധതി വികസനം ഉറപ്പാക്കുന്നതിനായി പ്രധാനമന്ത്രി നേരിട്ട് നേതൃത്വം നൽകുന്ന പ്രഗതി സംരംഭത്തിൻറെ 50-ാമത് യോഗം വിജയകരമായി സംഘടിപ്പിച്ചു. 2015-ലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഗതിക്ക് തുടക്കം കുറിച്ചത്. മഹാരാഷ്ട്രയിലെ സോലാപൂർ താപവൈദ്യുതപദ്ധതി സംബന്ധിച്ചാണ് പ്രഗതിയുടെ മുന്നേറ്റത്തെക്കുറിച്ചുള്ള പ്രത്യേക പരമ്പരയിൽ ഇന്ന്. 11,406 കോടി രൂപ ചെലവ് വരുന്ന 1,320 മെഗാവാട്ട് പദ്ധതിയാണ് മഹാരാഷ്ട്രയിലെ സോളാപൂർ സൂപ്പർ തെർമൽ പവർ സ്റ്റേഷൻ. പ്രാദേശിക ഊർജ്ജ സുരക്ഷയ്ക്ക് ഒരു പ്രധാന ഉത്തേജനമായി മാറിയ ഈ പദ്ധതി പ്രഗതി അവലോകന സംവിധാനത്തിലൂടെയുള്ള സമയോചിതമായ ഇടപെടലൂടെയാണ് പൂർത്തീകരിച്ചത്.

*****************

## Year End Review

കേന്ദ്ര സർക്കാരിന്റെ വികസന പ്രവർത്തനങ്ങളിൽ നിയമനിർമ്മാണ വകുപ്പ് സുപ്രധാന സേവന ദാതാവായിപ്രവർത്തിക്കുന്നു. വിവിധ മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും നിയമനിർമ്മാണ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വകുപ്പ് ശ്രദ്ധ കേന്ദ്രകരിക്കുന്നു. കഴിഞ്ഞ വർഷം പാർലമെന്റിന്റെ സഭകളിൽ അവതരിപ്പിക്കുന്നതിനായി വിവിധ മന്ത്രാലയങ്ങളുമായി ചേർന്ന് നിരവധി നിയമനിർമ്മാണ നിർദ്ദേശങ്ങൾ നൽകി . ഇതിന്റെ അടിസ്ഥാനത്തിൽ 2025-ൽ, 35 നിയമനിർമ്മാണ ബില്ലുകൾ പാർലമെന്റിൽ അവതരിപ്പിക്കുകയും ചെയ്തു.

*****************

## Rajeev Chandrasekhar

ഇടത് മുന്നണി പ്രവർത്തകൻ റെജിലൂക്കോസ് ബി.ജെ.പിയിൽ ചേർന്നു. ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ്

ചന്ദ്രശേഖർ അംഗത്വം നൽകി. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ബി.ജെ.പി മികച്ച മുന്നേറ്റം നടത്തിയതായി ശ്രീ രാജീവ് ചന്ദ്രശേഖർ വ്യക്തമാക്കി. നിയമസഭ തെരഞ്ഞെടുപ്പിലും ഇത് ആവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

*****************

## Media Workshop

പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ മലപ്പുറം നിലമ്പൂരിൽ പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി സംഘടിപ്പിച്ച മാധ്യമ ശില്പശാല പി ഐ ബി അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിചാമി ഉദ്ഘാടനം ചെയ്തു. ഓരോ വാർത്തയുടെയും യാഥാർഥ്യം തിരിച്ചറിഞ്ഞു വേണം അത് ജനങ്ങളിലേക്ക് എത്തിക്കാൻ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മുതിർന്ന മാധ്യമ പ്രവർത്തകരെ ചടങ്ങിൽ ആദരിച്ചു. മാധ്യമ പ്രവർത്തകർക്കായി വിവിധ വിഷയങ്ങളിൽ ക്ലാസുകളും നടക്കും.

*****************

## J & K-OPERATION

ജമ്മു കശ്മീരിലെ കത്വ ജില്ലയിൽ തീവ്രവാദികൾ ഒളിച്ചിരിക്കുന്നതായ രഹസ്യ വിവരത്തെ തുടർന്ന് തിരച്ചിൽ ഊർജ്ജിതമാക്കി സുരക്ഷാ സേന. ഇന്നലെ വൈകിട്ട് ആരംഭിച്ച തിരച്ചിലിനിടെയുണ്ടായ ഏറ്റുമുട്ടലിൽ ഒരു സുരക്ഷാ ഉദ്യോഗസ്ഥന് പരിക്കേറ്റു. റിപ്പബ്ലിക് ദിനത്തിന് മുന്നോടിയായി കഴിഞ്ഞ ഒരു മാസമായി സാംബ, കതുവ ജില്ലകളിലും പഞ്ചാബിനോട് ചേർന്ന അന്താരാഷ്ട്ര അതിർത്തിയിലും പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്.

*****************

************

****